പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1352 — 02.05.2017-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. പുനരുദ്ധാരണം

ചോദ്യം

ശ്രീ. കെ.കുഞ്ഞിരാമൻ

ഉത്തരം

തോമസ് ചാണ്ടി

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യെ പുനരുദ്ധരിക്കുന്നതിനെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ആരെയെങ്കിലും ചുമതലപ്പെടുത്തിയിരുന്നോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | കെ.എസ്.ആർ.ടി.സി.യെ പുനരുദ്ധരിച്ച് നവീകരിക്കുന്നതിനായി വിശദപഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ കൊൽക്കത്ത ആസ്ഥാനമായ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് എന്ന സ്ഥാപനത്തിലെ റിട്ടയേർഡ് പ്രൊഫസറായ ശ്രീ. സുശീൽ ഖന്നയെ സർക്കാർ ഉത്തരവ് നം. G.O.(Rt) 367/2016/Trans. തിയതി 24.09.2016 പ്രകാരം കൺസൾട്ടന്റായി നിയമിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിലെ പ്രധാന നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ; | (ബി) യും (സി) യും | പൂർണ്ണമായ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.<br>കെ.എസ്.ആർ.ടി.സി.യുടെ നവീകരണവുമായി ബന്ധപ്പെട്ട് പ്രൊഫസർ. സുശീൽ ഖന്ന റിപ്പോർട്ട് നടപ്പിലാക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് കെ.എസ്.ആർ.ടി.സി.യിലെ അംഗീകൃത, രജിസ്റ്റേർഡ് തൊഴിലാളി സംഘടനാ നേതാക്കളുമായി 01.04.2017-ൽ ബഹു. മുഖ്യമന്ത്രി അദ്ദേഹത്തിന്റെ ചേമ്പറിൽ വച്ച് ചർച്ചാ യോഗം വിളിച്ചു ചേർത്തിരുന്നു. ടി യോഗത്തിൽ ബഹു. മുഖ്യമന്ത്രി പ്രൊഫ. സുശീൽ ഖന്നയുടെ നിർദ്ദേശങ്ങളുടെ പ്രസക്തഭാഗങ്ങൾ അവതരിപ്പിക്കുകയും തൊഴിലാളി സംഘടനാ പ്രതിനിധികളുടെ അഭിപ്രായം ആരായുകയും ചെയ്തു. |
| (സി) | പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് തുടർനടപടികൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ